പതിനഞ്ചാം കേരള നിയമസഭ

സബ്ജക്ട് കമ്മിറ്റി VIII
(സാമ്പത്തികകാര്യങ്ങൾ)

2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

2025 സെപ്റ്റംബർ 29-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

സബ്ജക്ട് കമ്മിറ്റി VIII
(സാമ്പത്തികകാര്യങ്ങൾ)

2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള

ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

968/2025.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1

സബ്ജക്റ്റ് കമ്മിറ്റി VIII

(സാമ്പത്തിക കാര്യങ്ങൾ)

(2023-2026)

ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീ. കെ. എൻ. ബാലഗോപാൽ,

ധനകാര്യ വകുപ്പുമന്ത്രി.

<u>എക്സ് -ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. എം. ബി. രാജേഷ്,

തദ്ദേശസ്വയംഭരണ-എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രി.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ബാബു *(തൃപ്പൂണിത്തുറ)*

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

അവതാരിക

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്, 10-6-2024-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടിപത്രികകൾ 25-6-2025, 18-9-2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് അധ്യായങ്ങളിലായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അധ്യായം I -ൽ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം ഉൾക്കൊള്ളിച്ചിരിക്കുന്നു. അധ്യായം II-ൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ ഇനിയും സർക്കാരിൽനിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ / ഖണ്ഡികകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2025 സെപ്റ്റംബർ 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. എൻ. ബാലഗോപാൽ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VIII.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 29.

റിപ്പോർട്ട്

അധ്യായം - I

2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

ധനാഭ്യർത്ഥന നമ്പർ V

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

ശിപാർശ (ഖണ്ഡിക നം. 7)

2045-00-200-99—സംഭരണ ചെലവുകൾ - മറ്റ് നികുതികളും തീരുവകളും-ലൈസൻസിംഗ് ബോർഡ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ഭാഗമായിട്ടുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന വയർമാൻ, സൂപ്പർവൈസർ പരീക്ഷകളുടെ അപേക്ഷകളുടെ എണ്ണം വർദ്ധിക്കുന്നതിനാലും പരീക്ഷ നടത്തുന്ന ചെലവ് വർദ്ധിച്ചതിനാലും 05-4-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ എന്ന കണക്കിനത്തിൽ, നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ 2 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന വയർമെൻ, സൂപ്പർവൈസർ പരീക്ഷകളുടെ നടത്തിപ്പ് ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 2 ലക്ഷം രൂപ കൂടി അധികമായി വകയിരുത്താൻ വിഷയ നിർണ്ണയസമിതി ശിപാർശ ചെയ്യുകയും ഇതു സംബന്ധിച്ച് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പ്രപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും 2045-00-200-99-00-05-04-N-V എന്ന ശീർഷകത്തിൽ ലഭ്യമായിരുന്ന ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ അധിക തുക അനുവദിക്കേണ്ട ആവശ്യമുണ്ടായില്ല.

[ഖണ്ഡിക 7-ലെ ശിപാർശയിന്മേൽ ഊർജ്ജ (എ) വകുപ്പ് 8-7-2025 തീയതിയിലെ PWR-A3/152/2024-POWER നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 18-9-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ധനാഭ്യർത്ഥന നം. VIII

എക്സൈസ്

ശിപാർശ (ഖണ്ഡിക നം. 11)

2039-00-001-99—നടത്തിപ്പും ഭരണവും - മേൽനോട്ടം

06—വാടക, കരം, നികുതി

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ എന്നിവ പൂർണ്ണമായും നിർവഹിക്കുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2025 വരെ 79.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം EXC/2643/2022-XFB2 dated 1-3-2025 കത്ത് മുഖേന 2023-24 സാമ്പത്തികവർഷം വരെയുള്ള വാടക കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 41 ലക്ഷം രൂപ അധികധനാനുമതിയായി ആവശ്യപ്പെടുകയും, 25-3-2025 തീയതിയിലെ നികുതി എഫ് 3/310/2023/നി.വ. നമ്പർ കത്ത് പ്രകാരം വാടക കുടിശ്ശിക സംബന്ധിച്ച ഓരോ കേസിലും വാടക നിശ്ചയിക്കുന്നതിൽ സംഭവിച്ചിട്ടുള്ള കാലതാമസം സംബന്ധിച്ച് പ്രത്യേകം റിപ്പോർട്ട് സഹിതം അധിക ധനാനുമതിയ്ക്കായി അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 12)

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

EXC/3868/2024-XFB2 dated 4-2-2025 കത്ത് പ്രകാരം അധിക ധനാനുമതിയായി 25 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 21-3-2025 -ലെ സർക്കാർ ഉത്തരവ്

നമ്പർ G.O.(Rt)No.2796/2025/Fin പ്രകാരം 2039-00-001-99-21-2 ശീർഷകത്തിൽ 10,00,000 രൂപ സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്. എക്സൈസ് ആഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല. വകുപ്പിന് ആകെ അനുവദിച്ച തുകയിൽ 31-3-2025 വരെ 60.39 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

ശിപാർശ (ഖണ്ഡിക നം. 13)

34-3—മറ്റു ചെലവുകൾ - മറ്റിനം

മേൽ ശീർഷകത്തിൽ ഓഫീസ് ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 27 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

EXC/3868/2024-XFB2 dated 19-12-2024 കത്ത് പ്രകാരം അധിക ധനാനുമതിയായി 15 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 21-3-2025 -ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.2797/2025/Fin പ്രകാരം 2039-00-001-99-34-3 ശീർഷകത്തിൽ 5,00,000 രൂപ സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്. 2024-25 സാമ്പത്തികവർഷം വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2025 വരെ 37.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

ശിപാർശ (ഖണ്ഡിക നം. 14)

45—പി.ഒ.എൽ.

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ. ചെലവിനത്തിൽ കുടിശ്ശികയായുള്ള തുക ഉൾപ്പെടെ നൽകുന്നതിലേയ്ക്കായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ ടി ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷം വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2025 വരെ 250.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയിലെ നീക്കിയിരുപ്പ് തുക സീലിംഗ് നിയന്ത്രണം ഒഴിവാക്കി അനുവദിച്ചത് സാമ്പത്തികവർഷത്തിന്റെ അവസാനമാകയാൽ അധികധനാനുമതി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക നം. 15)

2039-00-001-98—റേഞ്ച് ഓഫീസുകൾ

06—വാടക, കരം, നികുതി

നിലവിൽ ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷം വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2023 വരെ 109.88 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. EXC/2643/2022-XFB2 dated 1-3-2025 കത്ത് മുഖേന 2023-24 സാമ്പത്തികവർഷം വരെയുള്ള കെട്ടിട വാടക കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 78 ലക്ഷം രൂപ അധിക ധനാനുമതിയായി ആവശ്യപ്പെട്ടെങ്കിലും 25-3-2025 തീയതിയിലെ നികുതി എഫ് 3/310/2023/നി.വ. നമ്പർ കത്ത് പ്രകാരം വാടക കുടിശ്ശിക സംബന്ധിച്ച ഓരോ കേസിലും വാടക നിശ്ചയിക്കുന്നതിൽ സംഭവിച്ചിട്ടുള്ള കാലതാമസം സംബന്ധിച്ച് പ്രത്യേകം റിപ്പോർട്ട് സഹിതം അധിക ധനാനുമതിക്കായി അടുത്ത സാമ്പത്തികവർഷം പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 16)

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷം വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2025 വരെ 47.20 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയിലെ നീക്കിയിരുപ്പ് തുക സീലിംഗ് നിയന്ത്രണം ഒഴിവാക്കി അനുവദിച്ചത് സാമ്പത്തികവർഷത്തിന്റെ അവസാനമാകയാൽ അധികധനാനുമതി പ്രൊപ്പോസൽ സമർപ്പിക്കാനായില്ല എന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 17)

45—പി.ഒ.എൽ.

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾക്കായി നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷം വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2025 വരെ 255.11 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയിലെ നീക്കിയിരുപ്പ് തുക സീലിംഗ് നിയന്ത്രണം ഒഴിവാക്കി അനുവദിച്ചത് സാമ്പത്തികവർഷത്തിന്റെ അവസാനമാകയാൽ അധികധനാനുമതി പ്രൊപ്പോസൽ സമർപ്പിക്കാനായില്ല എന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 18)

2039-00-001-94—എക്സൈസ് വകുപ്പിന്റെ നവീകരണം

34-3—മറ്റു ചെലവുകൾ - മറ്റിനം

2024-25 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷം വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 31-3-2025 വരെ പദ്ധതിയേതരയിനത്തിൽ 63.66 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സീലിംഗ് നിയന്ത്രണത്തിന് വിധേയമായാണ് തുക അനുവദിച്ചിട്ടുള്ളത്. സീലിംഗ് നിയന്ത്രണംമൂലം ബജറ്റ് വിഹിതം പൂർണ്ണമായി അനുവദിക്കാത്തതിനാൽ അധിക ധനാനുമതി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതാണ്.

[ഖണ്ഡിക 11 മുതൽ 18 വരെയുള്ള ശിപാർശകളിന്മേൽ നികുതി (എഫ്) വകുപ്പ് 29-4-2025-ലെ നികുതി-എഫ്3/189/2024/നിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ധനാഭ്യർത്ഥന നമ്പർ X

ട്രഷറികളും അക്കൗണ്ടുകളും

<u>ശിപാർശ (ഖണ്ഡിക നം. 19)</u>

2054-00-098-99—<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്</u>

06—<u>വാടക, കരം, നികുതി</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 10 ഉപകാര്യാലയങ്ങളുടെ പ്രതിമാസ വാടക, വാടക കുടിശ്ശിക എന്നിവയുൾപ്പെടെ നൽകുന്നതിലേയ്ക്കായി 1.0989237 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നടപ്പു സാമ്പത്തികവർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആകയാൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക നം. 20)</u>

21-02—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഡയറക്ടറേറ്റിനും ഉപകാര്യാലയങ്ങൾക്കും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക 2023-2024 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി പര്യാപ്തമല്ല. ആകയാൽ 3.27 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

[ഖണ്ഡിക 19 മുതൽ 20 വരെയുള്ള ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ് 26-11-2024-ലെ 2700859/എസ്റ്റാ-ഡി4/23/2024-ധന. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ധനാഭ്യർത്ഥന നമ്പർ XI

ജില്ലാ ഭരണവും പലവകയും

ശിപാർശ (ഖണ്ഡിക നം. 21)

2047-00-103-87—ദേശീയ സമ്പാദ്യപദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധികസേവനത്തിന് നൽകുന്ന പ്രതിഫലം

2024-25 സാമ്പത്തികവർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 19.5 കോടി രൂപ നിരക്കിൽ 12 മാസത്തെ തുക വിതരണം ചെയ്യുന്നതിനായി 234 കോടി രൂപയും മുൻവർഷങ്ങളിലെ 2 മാസത്തെ പ്രതിഫല കുടിശ്ശികയായ 39 കോടി രൂപയും നൽകാനുണ്ട്. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 34 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 225 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ചെലവഴിച്ച ശേഷം നടപ്പ് സാമ്പത്തിക വർഷം അധികമായി തുക ആവശ്യമായി വരുന്നപക്ഷം ഉപധനാഭ്യർത്ഥന/അധികതുകാനുമതി/ ധനപുനഃവിനിയോഗം എന്നിവ വഴി ആയതു ലഭ്യമാക്കുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നം. 22)

2047-00-103-85-10—എം.പി.കെ.ബി.വൈ./എസ്.എ.എസ്. ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% ആയ സർക്കാർ വിഹിതവും 31-3-2024 വരെയുള്ള സർക്കാർ വിഹിതത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും മേൽശീർഷകത്തിൽ വകയിരുത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 37 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതു ചെലവഴിച്ചശേഷം നടപ്പ് സാമ്പത്തികവർഷം അധികമായി തുക ആവശ്യമായി വരുന്നപക്ഷം ഉപധനാഭ്യർത്ഥന/അധികതുകാനുമതി/ധനപുനഃവിനിയോഗം എന്നിവ വഴി ആയതു ലഭ്യമാക്കുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുന്നതാണ്.

[ഖണ്ഡിക 21 മുതൽ 22 വരെയുള്ള ശിപാർശകളിന്മേൽ ധനകാര്യ (ഭരണം-സി) വകുപ്പ് 11-10-2024-ലെ സി1/106/2024-ധന (2885864) നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ധനാഭ്യർത്ഥന നമ്പർ XVI

പെൻഷനും പലവകയും

ശിപാർശ (ഖണ്ഡിക നം. 23)

2071-01-200- 97—കോഴിക്കോട് സാമൂതിരി കുടുംബത്തിനുള്ള പെൻഷൻ

കോഴിക്കോട് സാമൂതിരി കുടുംബത്തിലെ 707 അംഗങ്ങൾക്ക് 2024-25 വർഷം പ്രതിമാസം 3000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 2.5452 കോടി രൂപ ആവശ്യമുണ്ട്. ആയതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 14.52 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2071-01-200-97 (നോൺ പ്ലാൻ) ശീർഷകത്തിൽ 2024-25 സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതമായി 2,40,00,000 രൂപ വകയിരുത്തുകയും ആയതിൽനിന്നും 2024 ഫെബ്രുവരി മുതൽ ഡിസംബർ വരെയുള്ള ധനസഹായതുക ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 2,32,62,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2025 ജനുവരി മുതൽ മാർച്ച് വരെ നൽകുവാനുള്ള 62,93,400 രൂപ (അറുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി നാനൂറ് രൂപ മാത്രം) 2025-26 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും അനുവദിച്ച് നൽകുന്നതാണ്.

[ഖണ്ഡിക 23 -ലെ ശിപാർശയിന്മേൽ പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ് 5-5-2025 തീയതിയിലെ Pro3/5/2024-GAD നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നം. 24)

2075-00-103-99—സംസ്ഥാന ഭാഗ്യക്കുറി - ഭാഗ്യക്കുറി ടിക്കറ്റ് വില്പന

2-08—പ്രചരണ ചെലവുകൾ - പരസ്യം പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെ കൂടുതൽ പരസ്യങ്ങൾ നൽകുന്നതിനും, മുൻകാലങ്ങളിൽ പരസ്യം നൽകിയ ഇനത്തിലുള്ള

കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനും, പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ സീരീസ് വർദ്ധിപ്പിച്ച് സമ്മാന ഘടന പരിഷ്കരിക്കുമ്പോൾ കൂടുതൽ സീരീസുകളും, നമ്പറുകളും നറുക്കെടുക്കാൻ സാധിക്കുന്ന തരത്തിലുള്ള പുതിയ മൊബൈൽ നറുക്കെടുപ്പ് യന്ത്രം വാങ്ങുന്നതിലേയ്ക്കുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 15 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തികവർഷം "2075-00-103-99-08-ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന പരസ്യം, പ്രചാരണം എന്നിവയ്ക്കുള്ള ചെലവുകൾ" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 27.5 കോടി രൂപയും ആകെ ചെലവ് 32.50 കോടി രൂപയുമാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന ടി ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നം. 25)</u>

2075-00-103-98—<u>ഏജന്റുമാരുടെ കമ്മീഷൻ</u>

ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകുമെന്നതിനാൽ 2024-2025 സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏകദേശം 4473.25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 95.65 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം "2075-00-103-98- ഏജന്റുമാരുടെ കമ്മീഷൻ" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 4377.6 കോടി രൂപയും ആകെ ചെലവ് 4079.32 കോടി രൂപയുമാണ്.

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷൻ ടി ചെലവ് വഹിക്കുന്നതിന് പര്യാപ്തമായിരുന്നു.

ശിപാർശ (ഖണ്ഡിക നം. 26)

2075-00-103-97—സമ്മാനദാനം

നിലവിലെ സമ്മാനഘടന അനുസരിച്ച് വിറ്റുവരവിന്റെ ഏകദേശം 59.5% തുക സമ്മാനയിനത്തിൽ ചെലവഴിക്കേണ്ടി വരുമെന്നതിനാൽ ഈ ഇനത്തിൽ ഏകദേശം 8080.1 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 282.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം "2075-00-103-97-സമ്മാനദാനം" എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ ആകെ 7797.6 കോടി രൂപയും ആകെ ചെലവ് 7239.59 കോടി രൂപയുമാണ്.

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷൻ ടി ചെലവ് വഹിക്കുന്നതിന് പര്യാപ്തമായിരുന്നു.

ശിപാർശ (ഖണ്ഡിക നം. 27)

2075-00-103-94—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്

06—വാടക, കരം, നികുതി

ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനെക്സ് പ്രവർത്തിക്കുന്ന KTDFC യുടെ ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടകയിനത്തിൽ 2024-2025 സാമ്പത്തികവർഷം 12 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ 11 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷം "2075-00-103-94-06-വാടക, കരം, നികുതി" എന്ന ശീർഷകത്തിൽ ബജറ്റ് പ്രൊവിഷനായി 1,00,000 രൂപയാണ് വകയിരുത്തിയിരുന്നത്. ആകെ ചെലവ് 19,15,475 രൂപയാണ്.

ബജറ്റ് പ്രൊവിഷനായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന ടി ശീർഷകത്തിൽ 18.17 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

2022 ജൂലൈ മുതൽ 2024 മാർച്ച് വരെയുള്ള വാടക കുടിശ്ശിക ഇനത്തിൽ 19,15,475 രൂപ (പത്തൊൻപത് ലക്ഷത്തി പതിനയ്യായിരത്തി നാനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ടി ശീർഷകത്തിൽ നിന്നും 2024-2025 സാമ്പത്തികവർഷം KTDFC- ക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 28)

17—ചെറുകിട മരാമത്ത് പണികൾ

ഭാഗ്യക്കുറി വകുപ്പിലെ 35 ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായുള്ള നവീകരണ പ്രവർത്തനങ്ങൾക്കും, മുകളിലത്തെ നിലകളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ താഴത്തെ നിലകളിലേയ്ക്ക് മാറ്റുന്നതിനും, മറ്റു മരാമത്ത് പണികൾക്കുള്ള ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷം "2075-00-103-94-17-മരാമത്തു പണികൾ" എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ആകെ ചെലവ് 42,197 രൂപയാണ്.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന ടി ശീർഷകത്തിൽ 42,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

21 ഭാഗ്യക്കുറി ഓഫീസുകൾ ഒന്നാംഘട്ടത്തിൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി തെരഞ്ഞെടുക്കുകയും പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം മാറ്റുന്നതിലേയ്ക്കായി കെട്ടിടം വാടകയ്ക്ക് എടുക്കൽ/കെട്ടിടം ഫർണിഷിങ് ചെയ്യൽ തുടങ്ങിയവയ്ക്കുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ 6 ജില്ലാ ഭാഗ്യക്കുറി ഓഫീസുകളും 15 സബ് ഓഫീസുകളും മാറ്റി സ്ഥാപിക്കുന്നതിന് 27-2-2025-ലെ സ.ഉ. (സാധാ) നം. 177/2025/ടാക്സസ് നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നല്കിയിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ (ഖണ്ഡിക നം. 29)

99—വിവരസാങ്കേതികവിദ്യ

ഭാഗ്യക്കുറി വകുപ്പിന്റെ സോഫ്റ്റ്‌വെയർ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിനും, ടിക്കറ്റ് വ്യാജമല്ലെന്ന് ഉറപ്പുവരുത്തി താമസം

കൂടാതെ സമ്മാനതുക വിതരണം ചെയ്യുന്നതിന് ഓട്ടോമാറ്റിക് ക്യൂ.ആർ. കോഡ് സ്കാനിംഗ് മെഷീൻ വാങ്ങുന്നതിനും ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തികവർഷം"2075-00-103-94-99-വിവരസാങ്കേതികവിദ്യ" എന്ന ശീർഷകത്തിൽ ബജറ്റ് പ്രൊവിഷനായി 80 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ആകെ ചെലവ് 79,98,780 (എഴുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി എഴുനൂറ്റി എൺപത് രൂപ മാത്രം) രൂപയാണ്.

2016 മുതൽ ഉപയോഗത്തിലുള്ള LOTIS സോഫ്റ്റ്‌വെയറിനു പകരം ഇ-ടെൻഡർ നടപടികളിലൂടെ പുതിയ സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്യുന്നതിന് 1-4-2025-ലെ സ.ഉ. (സാധാ) നം. 316/2025/TAXES നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നല്കിയിട്ടുണ്ട്.

സ്റ്റാർട്ട്അപ്പ് മിഷൻ മുഖേന പ്രൈസ് മെഷീന്റെ പ്രോട്ടോടൈപ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, പ്രൈസിംഗ് മെഷീൻ എന്നിവയ്ക്കായി 2075-00-103-94-99-വിവരസാങ്കേതികവിദ്യ എന്ന ശീർഷകത്തിൽ നിന്നും നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നം. 30)</u>

2075-00-103-93—<u>ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ</u>

06—<u>വാടക, കരം, നികുതി</u>

ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഗ്രൗണ്ട് ഫ്ലോറിലേയ്ക്ക് ഓഫീസുകൾ മാറ്റുന്ന സാഹചര്യത്തിൽ വാടകയിനത്തിലെ ചെലവിൽ വർദ്ധനവുണ്ടാകുമെന്നതിനാൽ ടി ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തികവർഷം "2075-00-103-93-06-വാടക, കരം, നികുതി" എന്ന ശീർഷകത്തിൽ ബജറ്റ് പ്രൊവിഷനായി 61.91 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്.

ആകെ ചെലവ് 68,35,438 (അറുപത്തി എട്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി നാനൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) രൂപയാണ്.

ടി തുക ചെലവായതിന് ശേഷം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ശീർഷകത്തിൽ സ.ഉ. (സാധാ) നം.1338/2025/ ധന. തീയതി 12-2-2025 ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 6.5 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഗ്രൗണ്ട് ഫ്ലോറിലേയ്ക്ക് ഓഫീസുകൾ മാറ്റുന്ന സാഹചര്യത്തിൽ വാടകയിനത്തിലെ ചെലവിൽ വർധനവുണ്ടാകുന്നതാണ്.

ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 6 ജില്ലാ ഭാഗ്യക്കുറി ഓഫീസുകളും 15 സബ് ഓഫീസുകളും മാറ്റി സ്ഥാപിയ്ക്കുന്നതിന് 27-2-2025 -ലെ സ.ഉ. (സാധാ) നം. 177/2025/ടാക്സസ് നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നല്കിയിട്ടുണ്ട്.

ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി കെട്ടിട വാടക ഇനത്തിൽ 2024-25 സാമ്പത്തിക വർഷം അധികമായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

[ഖണ്ഡിക 24 മുതൽ 30 വരെയുള്ള ശിപാർശകളിന്മേൽ നികുതി (എച്ച്) വകുപ്പ്, 29-4-2025 തീയതിയിലെ TAXES-H1/243/2024-TAXES നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നം. 31)</u>

2075-00-795-98—<u>വീട് വായ്പ എഴുതിത്തള്ളൽ</u>

വീട് വായ്പ എഴുതിത്തള്ളുന്ന തുക 5 ലക്ഷമായി വർദ്ധിച്ചിരുന്നതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും ടി ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 22.14 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തികവർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായി 21,10,000 രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനായിരം രൂപ മാത്രം) വകയിരുത്തുന്നു.

നടപ്പ് സാമ്പത്തികവർഷം ടി ശീർഷകത്തിൽ നാളിതുവരെ ആകെ 42,98,794 (നാല്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റെണ്ണായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) എഴുതിത്തള്ളുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം തീർന്നിട്ടുള്ള സാഹചര്യത്തിൽ അധിക ചെലവ് വന്ന തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

[ഖണ്ഡിക 31 -ലെ ശിപാർശയിന്മേൽ ധനകാര്യ (എച്ച്.ബി.എ.) വകുപ്പ് 27-3-2025 തീയതിയിലെ 2886766/എച്ച്.ബി.എ.-2/69/2024-ധന നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക നം. 32)

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

ഹജ്ജ് കമ്മിറ്റി ഓഫീസിൽ പുതുതായി നിയമിച്ച എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളം നൽകുന്നതിനും ഹജ്ജ് വോളണ്ടിയറിംഗ് ഇനത്തിലും, ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മിച്ച ഇനത്തിലും തുക നൽകുന്നതിലേയ്ക്കായി മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.9020 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹജ്ജ് 2023, 2024 സീസണുകളിൽ സംസ്ഥാനത്തു നിന്നും ഡെപ്യൂട്ട് ചെയ്ത ഹജ്ജ് ഇൻസ്പെക്ടർമാരുടെ ചെലവിനത്തിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലേക്ക് അടവാക്കേണ്ട തുകയിൽ കുടിശ്ശികയായ 1.55 കോടി രൂപയും, ഈ കഴിഞ്ഞ ഹജ്ജ് 2025 സീസണിൽ 106 സ്റ്റേറ്റ് ഹജ്ജ് ഇൻസ്പെക്ടർമാരെ ഡെപ്യൂട്ട് ചെയ്തതിൽ അടവാക്കേണ്ട 2.2 കോടി രൂപയും ചേർത്ത് മൊത്തം 3.78 കോടി രൂപ 2023 മുതൽ നാളിതുവരെ കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് അടവാക്കേണ്ടതുണ്ടായിരുന്നു. അതിൽ ഹജ്ജ് 2023, 2024 വർഷങ്ങളിൽ സംസ്ഥാനത്തു നിന്നും ഡെപ്യൂട്ട് ചെയ്ത ഹജ്ജ് ഇൻസ്പെക്ടർമാരുടെ ചെലവിനത്തിൽ ഹജ്ജ് കമ്മിറ്റിയ്ക്ക് നൽകേണ്ട 1,55,75,855 രൂപ 11-9-2025 തീയതിയിലെ സ.ഉ (സാധാ) നം. 7306/2025/ധന നമ്പർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 19-9-2025 തീയതിയിലെ സ.ഉ (സാധാ) നം. 4085/2025/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഹജ്ജ് കമ്മിറ്റിയുടെ നോൺ-സാലറി ശീർഷകമായ 2075-00-800-81-36 NV യിൽ അനുവദിച്ച നടപ്പുവർഷത്തെ ബജറ്റ് വിഹിതമായ 68.60 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

[ഖണ്ഡിക 32-ലെ ശിപാർശയിന്മേൽ പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് 1-7-2025 തീയതിയിലെ MW2/135/2024-GAD നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 18-9-2025-ലെ യോഗത്തിൽ സമിതി ഭേദഗതികളോടെ അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നം. 33)</u>

2075-00-800-78—<u>വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം</u>

സോഷ്യൽ വെൽഫെയർ സ്കീം (കേരള) പ്രകാരം സാങ്ഷൻ കമ്മിറ്റി വിവിധ തീയതികളിലായി പാസ്സാക്കിയിട്ടുള്ള അപേക്ഷകളിന്മേൽ കുടിശ്ശികയായിട്ടുള്ള തുക കൊടുത്തു തീർക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഹു. സമിതി ശിപാർശ ചെയ്ത 5 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ച അവസരത്തിൽ ബന്ധപ്പെട്ട ശീർഷകത്തിലെ തുക പൂർണ്ണമായി വിനിയോഗിച്ചശേഷം ആവശ്യമായ വിശദാംശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണെന്ന് ധനവകുപ്പ് അറിയിക്കുകയുണ്ടായി. സോഷ്യൽ വെൽഫയർ ഗ്രാന്റ് ഇനത്തിൽ 2024-25 സാമ്പത്തികവർഷത്തിൽ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 132 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി 72,60,000 രൂപ വഖഫ് ബോർഡിന് അനുവദിച്ച് നൽകുകയുണ്ടായി. അവശേഷിച്ച 59,40,000 രൂപയിൽ 22,44,000 രൂപ റിലീസ് ചെയ്ത് ഉത്തരവായെങ്കിലും BAMS -ലെ നിയന്ത്രണം കാരണം TR 59 ബിൽ മാറി പ്രസ്തുത തുക വഖഫ് ബോർഡിന് ടി സാമ്പത്തികവർഷം അനുവദിക്കുവാൻ കഴിഞ്ഞില്ല. 2024-25 സാമ്പത്തികവർഷത്തെ ടി ഇനത്തിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ബോർഡിന് അനുവദിച്ച് നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ ബഹു. സമിതി ശിപാർശ ചെയ്ത തുക ബോർഡിന് അനുവദിച്ച് നൽകുവാൻ കഴിഞ്ഞില്ലെന്ന വിവരം സവിനയം സമിതിയെ അറിയിച്ചുകൊള്ളുന്നു.

[ഖണ്ഡിക 33-ലെ ശിപാർശയിന്മേൽ റവന്യൂ (എഫ്) വകുപ്പ് 6-5-2025 തീയതിയിലെ റവ.എഫ്.2/241/2024-റവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നം. 34)

2075-00-800-52—തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം

തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകത്തിന്റെ നിർമ്മാണം പുരോഗമിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ടി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവനന്തപുരത്ത് യുദ്ധസ്മാരകം നിർമ്മിക്കുന്നതിനായി "2075-00-800-52 (നോൺ പ്ലാൻ) തിരുവനന്തപുരം നഗരത്തിലെ യുദ്ധ സ്മാരകം" എന്ന ശീർഷകത്തിൽ 8,08,70,000 (എട്ടുകോടി എട്ട്ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവർത്തിയ്ക്കായി അഞ്ച് കോടി രൂപ ടി ശീർഷകത്തിൽ അലോട്ട് ചെയ്യുകയും പ്രസ്തുത തുക PWD Special Buildings Division -ന് കൈമാറുകയും ചെയ്തിട്ടുണ്ട്. യുദ്ധസ്മാരക നിർമ്മാണത്തിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

[ഖണ്ഡിക 34 -ലെ ശിപാർശയിന്മേൽ സൈനികക്ഷേമ (എ) വകുപ്പ്, 16-5-2025 തീയതിയിലെ SW3/164/2024-SWD നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 25-6-2025 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ധനാഭ്യർത്ഥന നമ്പർ XXVIII

പലവക സാമ്പത്തിക സർവ്വീസുകൾ

ശിപാർശ (ഖണ്ഡിക നം. 35)

3454-02-112-89—ഭാരതീയ സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി.) സംസ്ഥാന പദ്ധതി

സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന്റെ കെട്ടിടത്തിലെ പരിശീലനഹാളിൽ SASA യുടെ അംഗീകൃത പരിശീലനപരിപാടികൾ കൂടാതെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ ബജറ്ററി പ്രൊവിഷനിലുള്ള പരിശീലനങ്ങളും

സംഘടിപ്പിക്കുന്നുണ്ട്. നിലവിലെ 30 പേർക്ക് ഇരിക്കാവുന്ന പരിശീലനഹാളിലെ സൗകര്യം പര്യാപ്തമല്ലാത്തതിനാൽ 4-ാമത് ഒരു നിലകൂടി അടിസ്ഥാന സൗകര്യങ്ങളോടെ പണികഴിപ്പിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റ് പ്രൊവിഷനായി വകയിരുത്തിയിട്ടുള്ള പ്ലാൻ വിഹിതത്തിന്റെ ഉപയോഗം 50 ശതമാനം ആയി നിജപ്പെടുത്താൻ, 31-8-2024 തീയതിയിലെ സ.ഉ. (അച്ചടി) നം.76/2024/ധന പ്രകാരം ഉത്തരവായിട്ടുള്ള പശ്ചാത്തലത്തിൽ, പ്ലാൻ ശീർഷകത്തിൽ ഒരു കോടി രൂപ കൂടി അധിക ധനാനുമതി നൽകി പുതിയൊരു പ്രവർത്തിക്ക് ഭരണാനുമതി ശിപാർശ പരിഗണിക്കാൻ കഴിയില്ല എന്നും ശിപാർശ അടുത്ത സാമ്പത്തികവർഷത്തേയ്ക്ക് മാറ്റിവയ്ക്കുവാനും ധനവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ടി സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തതുപ്രകാരമുള്ള അധിക തുക ഈ സാമ്പത്തികവർഷം 3454-02-112-89 ശീർഷകത്തിൽ വകയിരുത്തുവാൻ നിർവ്വാഹമില്ല.

[ഖണ്ഡിക 35 -ലെ ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് 28-2-2025 തീയതിയിലെ PLGEA/B1/135/2024-PLGEA നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നം. 36)

3454-02-203-98—ഡയറക്ടറേറ്റിൽ ഒരു സംഗണക വിഭാഗം സ്ഥാപിക്കുന്നതിന്

കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖാന്തരം സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ എല്ലാ പ്രധാന പദ്ധതികളുടെ ഓൺലൈൻ ഡേറ്റാ ശേഖരണം, ഡേറ്റാ ക്രോഡീകരണം, ഡേറ്റാ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കായി പുതിയ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള 8 ഷെഡ്യൂളുകളിൽ പ്രധാനപ്പെട്ട ഇ.എ.ആർ.എ.എസ്. മോഡ്യൂൾ വികസിപ്പിക്കുന്നതിന് ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്തപ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നെങ്കിലും അധികതുക അനുവദിച്ചിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക നം. 37)</u>

3454-02-203-97—<u>വാഹനങ്ങൾ വാങ്ങുന്നതിന്</u>

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ നിലവിൽ വാഹനങ്ങൾ ഇല്ലാത്ത ജില്ലാ ഓഫീസുകൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വേണ്ടി 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നെങ്കിലും അധികതുക അനുവദിച്ചിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക നം. 38)</u>

3454-02-203-95—<u>ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ</u>

സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിന്റെ ഫീൽഡ്തല സർവ്വെയ്ക്ക് വേണ്ടി ഇൻവെസ്റ്റിഗേറ്റർമാർ, സൂപ്പർവൈസറി ഉദ്യോഗസ്ഥർ, താലൂക്ക് ഓഫീസുകളിലെ TSO, SI-മാർ ജില്ലാതല സൂപ്പർവൈസറി ഉദ്യോഗസ്ഥർ, ഡയറക്ടറേറ്റിലെ സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്നിവർക്ക് ആവശ്യമായ 629 ടാബ്‌ലെറ്റുകൾ വാങ്ങുന്നതിനും ഇന്റർനെറ്റ് കണക്ടിവിറ്റിക്കും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നെങ്കിലും അധികതുക അനുവദിച്ചിരുന്നില്ല.

[ഖണ്ഡിക 36 മുതൽ 38 വരെയുള്ള ശിപാർശകളിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് 5-5-2025 തീയതിയിലെ PLGEA-B1/135/2024-PLGEA-Part (1) നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ധനാഭ്യർത്ഥന നമ്പർ XLV

പലവക വായ്പകളും മുൻകൂറുകളും

ശിപാർശ (ഖണ്ഡിക നം. 39)

7610 -00- 800-93—അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥൻമാർക്കുള്ള മറ്റു മുൻകൂറുകൾ

സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കായി നിലവിൽ വന്നിട്ടുള്ള എ.ഐ.എസ്. (മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം 2020 പ്രകാരം അനുവദിക്കുന്ന പലിശരഹിത ചികിത്സാവായ്പ അടിയന്തരസ്വഭാവമുള്ളതും ഉയർന്ന തുക ആവശ്യപ്പെട്ടു കൊണ്ടുള്ളതാകയാലും നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥൻമാർക്ക് വൈദ്യശുശ്രൂഷയ്ക്ക് വേണ്ടിയുള്ള പലിശരഹിത വായ്പകൾക്കായി 7610-00-800-93(02) എന്ന ശീർഷകത്തിൽ 2024-2025 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പ്രാരംഭ ബഡ്ജറ്റ് വിഹിതമായ 5 ലക്ഷം രൂപയും സമിതി റിപ്പോർട്ടിൽ ശിപാർശ ചെയ്ത അധിക ബഡ്ജറ്റ് വിഹിതമായ 5 ലക്ഷം രൂപയും എ.ഐ.എസ്. (മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം 2020 പ്രകാരം ഉദ്യോഗസ്ഥരിൽനിന്നും ലഭിച്ച ഉയർന്ന തുകയുടെ ചികിത്സാവായ്പകൾ അനുവദിക്കുന്നതിന് മതിയാകാതെവന്ന സാഹചര്യത്തിൽ പ്രാരംഭ ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക ധനാനുമതി മുഖേന ആകെ 21.25 ലക്ഷം രൂപ കൂടി ടി ശീർഷകത്തിൽ വകയിരുത്തുകയും ഈ തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുന്നു. തുടർന്നുള്ള സാമ്പത്തികവർഷങ്ങളിലും അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരിൽ നിന്നും ഉയർന്ന തുകയ്ക്കുള്ള പലിശരഹിത ചികിത്സാ വായ്പയ്ക്കുള്ള അപേക്ഷകൾ ലഭിക്കാനിടയുള്ളത് പരിഗണിച്ച് പ്രസ്തുത ശീർഷകത്തിൽ 2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 20 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട് എന്നുമുള്ള വിവരം അറിയിക്കുന്നു.

[ഖണ്ഡിക 39-ലെ ശിപാർശയിന്മേൽ പൊതുഭരണ (എ.ഐ.എസ്-സി) വകുപ്പ് 9-10-2024 തീയതിയിലെ എ.ഐ.എസ്.-സി2/130/2024-പൊ.ഭ.വ., 19-5-2025-ലെ എ.ഐ.എസ്.-സി2/130/2024-ജി.എ.ഡി. എന്നീ നമ്പർ കത്തുകൾ പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

ധനാഭ്യർത്ഥന നമ്പർ XLVI

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ശിപാർശ (ഖണ്ഡിക നം. 40)

2235-60-110-99—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

പാസ്ബുക്ക്, പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി ചെലവ്, ഓഫീസ് നവീകരണം എന്നിവയ്ക്ക് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

ശിപാർശ (ഖണ്ഡിക നം. 41)

06—വാടക, കരം, നികുതി

മൂന്ന് വർഷം കൂടുമ്പോൾ വാടക 15% വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 18.25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

ശിപാർശ (ഖണ്ഡിക നം. 42)

2235-60-110-98—ജില്ലാ ഓഫീസുകൾ

04-1—യാത്രാ ചെലവുകൾ, യാത്രാബത്ത

ജില്ലകളിൽ 25 ഡെവലപ്മെന്റ് ഓഫീസർമാർക്ക് കുറഞ്ഞത് 20 ദിവസം യാത്രാബത്ത അനുവദിക്കേണ്ടി വരുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആകയാൽ ടി ശീർഷകത്തിൽ 4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

G.O. (Rt.) No. 7015/2024-Fin dated 18-9-2024 പ്രകാരം 50,000 രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 43)

05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ഓഫീസ് നവീകരണം, സ്റ്റേഷനറി ചാർജ്ജ് എന്നിവ വഹിക്കുന്നതിനായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7.71 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

ശിപാർശ (ഖണ്ഡിക നം. 44)

06—വാടക, കരം, നികുതി

ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങൾ മാറ്റിയതിനാലും നിലവിലുള്ള കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിച്ചതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്ത-മല്ലാത്തതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

ശിപാർശ (ഖണ്ഡിക നം. 45)

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കംപ്യൂട്ടർവല്കരണം

സോഫ്റ്റ്വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനും വാർഷിക പരിപാലനത്തിനും പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ഇ-ഓഫീസ് പ്രവർത്തനസജ്ജമാക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 22 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള തുക ചെലവഴിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിച്ച് നൽകുന്നതാണ്.

[ഖണ്ഡിക 40 മുതൽ 45 വരെയുള്ള ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ് 26-11-2025 തീയതിയിലെ 2700859/എസ്റ്റാ-ഡി4/23/2024-ധന നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക 25-6-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

അധ്യായം - II

2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള ഖണ്ഡികകൾ.

ബന്ധപ്പെട്ട വകുപ്പ്	ഖണ്ഡിക നമ്പർ
നികുതി	1 - 6, 8 - 10

കെ. എൻ. ബാലഗോപാൽ,

ചെയർപേഴ്സൺ,

സബ്ജക്ട് കമ്മിറ്റി VIII.

തിരുവനന്തപുരം,

2025 സെപ്റ്റംബർ 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.